(സി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവും മറ്റ് നിയമപരമായ ഏജൻസികളും നിഷ്കർഷിക്കുന്ന എല്ലാ പാരിസ്ഥിതിക നിബന്ധനകളും മറ്റ് നിബന്ധനകളും പാലിക്കുകയാണെങ്കിൽ പദ്ധതി അനുവദിക്കാവുന്നതാണെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ അറ്റകുറ്റപ്പണികൾ

155 (2974) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ അറ്റകുറ്റപ്പണികൾക്കായി അടച്ചിടുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) യാത്രാരേഖകൾ, കസ്റ്റംസ് ക്ലിയറൻസ് എന്നിവ പരിശോധിക്കുന്നതിന് കോഴിക്കോട് എയർപോർട്ടിൽ സൗകര്യപ്പെടുത്തുന്നതിനും നെടുമ്പാശ്ശേരിയിലേക്ക് കണക്ഷൻ ഫ്ലൈറ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് റൺവേ അറ്റകുറ്റപ്പണികൾ വേഗത്തിൽ ചെയ്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കേന്ദ്ര വ്യോമയാന വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഉന്നതതല ചർച്ച സംഘടിപ്പിക്കുമോ ?

<u>ഉത്തരം</u>

(എ) റൺവേ അടച്ചിടുന്ന എട്ട് മണിക്കൂർ ഒഴികെ ബാക്കി പതിനാറ് മണിക്കൂർ വിമാന സർവ്വീസ് ഉണ്ടായിരിക്കുന്നതാണ്. മുമ്പുണ്ടായിരുന്ന എല്ലാ വിമാന സർവ്വീസുകളും തുടർന്നുമുണ്ടാകും. പുതുക്കിയ സമയ വിവരങ്ങൾ മുൻ തീരുമാനങ്ങളനുസരിച്ച് വിമാന കമ്പനികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഇൻഡിഗോ, എത്തിഹാദ് എന്നിവ പുതിയ സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്. തിരക്കൊഴിവാക്കാൻ അധിക കൗണ്ടറുകൾ സ്ഥാപിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) യാത്രാരേഖകൾ, കസ്റ്റംസ് ക്ലിയറൻസ് എന്നിവ പരിശോധിക്കുന്നതിന് കോഴിക്കോട് എയർപോർട്ടിൽ സൗകര്യമൊരുക്കുന്നതിന് എയർപോർട്ട് അതോറിറ്റിയുടെ ഭാഗത്തുനിന്ന് ഒരു തടസ്സവുമില്ലെങ്കിലും നെടുമ്പാശ്ശേരിയിലേക്ക് കണക്ടിംഗ് ഫ്ലൈറ്റുകൾ അനുവദിക്കുന്നതിന് എയർപോർട്ട് അതോറിറ്റിക്ക് അധികാരമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) റൺവേ അറ്റകുറ്റപ്പണികൾ ഇലക്ട്രോണിക് സെൻസർ പവർ, കമ്പ്യൂട്ടർ നിയന്ത്രിത ബാച്ച് മിക്സർ പ്ലാന്റ്, റോളർ വൈബ്രേറ്റർ മുതലായ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നിബന്ധനകളോടെയാണ് ടെണ്ടറുകൾ സ്വീകരിച്ചിരിക്കുന്നത്.

(ഡി) കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ അറ്റകുറ്റപ്പണികൾക്കായി അടച്ചിടുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള മാർഗ്ഗങ്ങൾ ഫലപ്രദമാകാത്ത സാഹചര്യം ഉണ്ടാകുകയാണെങ്കിൽ മാത്രമേ ഇക്കാര്യം പരിശോധിക്കേണ്ടതുള്ളൂ.

റോഡ് അപകടങ്ങൾ

156 (2975) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞവർഷം റോഡപകടങ്ങളിൽ മരിച്ചവരുടെ എണ്ണം കാൽനടയാത്രക്കാർ, ബൈക്ക് യാത്രികർ, മറ്റ് വാഹനങ്ങളിലെ യാത്രക്കാർ എന്നിങ്ങനെ തരം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ട്രാഫിക് നിയമങ്ങൾ പാലിക്കാത്തതും അമിത വേഗതയുംമൂലമാണ് അപകടങ്ങൾ വർദ്ധിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡപകടങ്ങളിൽ 4,049 പേർ മരണമടഞ്ഞു. ഇതിൽ 1,712 ബൈക്ക് യാത്രികരും 1,270 കാൽനടയാത്രക്കാരും മറ്റ് വാഹനങ്ങളിലെ 1,067 യാത്രക്കാരും ഉൾപ്പെടുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly